اتحاد الطلبة السنيين لعموم كيرلا
SKSSF
state committee
islamic centre, railway link road, kozhikode-673 002. kerala. tel: +91 495 2700177, 2700751
fax: +91 495 2703357. e-mail: skssfstate@gmail.com. www.skssf.in

president
sayed hameed ali shihab thangal
mob: +91 9447004601
shalishihab@gmail.com

gen. secretary
sathar panthaloor
mob: +91 9995271177
satharpanthaloor@gmail.com

treasurer
basheer faizy deshamangalam
mob: +91 9447919337
basheerfaizydsm@gmail.com

السلام عليكم

**സർക്കുലർ no 9/ 2015-17**

**എസ്.കെ.എസ്.എസ്.എഫ് ജില്ലാ കമ്മിറ്റികളിലേക്ക് അറിയിക്കുന്നത്.**

രാഷ്ട്ര രക്ഷക്ക് സൗഹൃദത്തിന്റെ കരുതൽ എന്ന സന്ദേശം കൈമാറി കൊണ്ട് റിപ്പബ്ലിക് ദിനത്തിൽ ജില്ലാ കേന്ദ്രങ്ങളിൽ നടത്തുന്ന മനുഷ്യജാലിക ഏകീകൃത രൂപത്തിൽ നടത്തുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കുവാൻ ശ്രദ്ധിക്കുമല്ലോ

**>ദേശീയ പതാക ഉയർത്തൽ:**രാവിലെ 9 മണി.ജാലിക ഗ്രൗണ്ടിൽ 33 വിഖായ വളണ്ടിയർമാർ യൂണിഫോം ധരിച്ച് ഫ്ളാഗ് സല്യൂട്ട് നടത്തുക.ജില്ലാ ഭാരവാഹികളും സ്വാഗതസംഘം ഭാരവാഹികളും സംബന്ധിക്കണം.സ്വാഗത സംഘം ചെയർമാൻ/സ്ഥലത്തെ പ്രമുഖ സീനിയർ നേതാവ് പതാക ഉയർത്തുക.

**>റാലി** നിശ്ചിതകേന്ദ്രത്തിൽ നിന്നും കൃത്യം 3 മണിക്ക് ആരംഭിക്കുക. ജാലിക ഗ്രൗണ്ടിൽ വുളൂഇന് പ്രത്യേകം താത്കാലിക ഹൗള് സൗകര്യം ചെയ്യുക
4 മണിക്ക് മുമ്പ് നഗരിയിൽ റാലി എത്തും വിധം ക്രമീകരിക്കുക.4 മണിക്ക് അസർ നിസ്കാരംജമാഅത്തിന് സൗകര്യപ്രദമാവുന്ന രീതിയിൽ വേദി ക്രമീകരിക്കുക.

3 pm റാലി ആരംഭം

4 pm അസ്വർ ജമാഅത്ത്

4.15 pm സ്വാഗതം (10 മിനുട്ട്) ജന.സെക്രട്ടറി

4.15 pm പ്രതിജ്ഞ (3 മിനുട്ട്) അധ്യക്ഷൻ/ ജില്ലാ പ്രസിഡന്റ്

4.28 pm ഉദ്ഘാടനം (10 മിനുട്ട്)

4.38 pm ദേശിയോദ്ഗ്രഥന ഗാനം (5 മിനുട്ട്)

4.43 pm അതിഥി (15 മിനുട്ട്)

4.58 pm പ്രമേയ പ്രഭാഷണം (40 മിനുട്ട്)സംസ്ഥാന പ്രതിനിധി

5.38 pm പ്രമേയ അവതരണം (2 മിനുട്ട്) (ജില്ലാ ഭാരവാഹി)

5.40 pm ആശംസ (5 മിനുട്ട്)

5.45 pm ആശംസ (5 മിനുട്ട്)

5.50 pm ആശംസ (5 മിനുട്ട്)

5.55 pm നന്ദി (5 മിനുട്ട്)

**റാലിയിൽ അണി നിരക്കേണ്ട രൂപം**

മുൻ നിരയിൽ ജില്ലാ ,സംസ്ഥാന ഭാരവാഹികളും സെക്രട്ടേറിയറ്റംഗങ്ങളും സ്വാഗത സംഘം ഭാരവാഹികളും (മലപ്പുറം ജില്ലയിൽ ഏരിയ ഭാരവാഹികളും) ബാനറിന് പിന്നിൽ അണി നിരക്കുക.

തൊട്ട് പിറകിൽ വിഖായ അംഗങ്ങൾ യുണിഫോമും കോട്ടും ധരിച്ച് അണി നിരക്കുക.കറുപ്പ് പാന്റ്സ്,വെള്ള ഷർട്ട്,കോട്ട്,കുങ്കുമ നിറത്തിലുള്ള തൊപ്പി ധരിച്ചിരിക്കണം.ബാനറിന് മുന്നിൽ വിഖായ ക്യാപ്റ്റൻ വലിയ കൊടി പിടിച്ച് ഗമിക്കണം.33/111/222/333 എന്നീ എണ്ണങ്ങളിൽ ഒന്ന് ജില്ലയുടെ സാധ്യതയനുസരിച്ചാണ് അംഗങ്ങളെ അണി നിരത്തേണ്ടത്.

തൊട്ട് പിറകിൽ ത്വലബാ അംഗങ്ങൾ വെള്ള വസ്ത്രം തലപ്പാവ് ധരിച്ച് അണി നിരക്കണം. ത്വലബാ ക്യാപ്റ്റൻ വലിയ കൊടി പിടിച്ച് ഗമിക്കണം.33/111/222/333 എന്നീ എണ്ണങ്ങളിൽ ഒന്ന് ജില്ലയുടെ സാധ്യതയനുസരിച്ചാണ് അംഗങ്ങളെ അണി നിരത്തേണ്ടത്.

തൊട്ട് പിറകിൽ കാമ്പസ് അംഗങ്ങൾ കറുപ്പ് പാന്റ്സ്,വെള്ള ഷർട്ട്,പച്ച തൊപ്പി ധരിച്ച് അണി നിരക്കണം.ബാനറിന് മുന്നിൽ കാമ്പസ് വിംഗ് ലീഡർ വലിയ കൊടി പിടിച്ച് ഗമിക്കണം.33/111/222/333 എന്നീ എണ്ണങ്ങളിൽ ഒന്ന് ജില്ലയുടെ സാധ്യതയനുസരിച്ചാണ് അംഗങ്ങളെ അണി നിരത്തേണ്ടത്.

തൊട്ട് പിറകിൽ മേഖലകളിൽ നിന്നുള്ള പ്രവർത്തകർ മേഖല തിരിച്ച് പ്രത്യേകം.മേഖലാ ഭാരവാഹികളും മറ്റു പ്രവർത്തകരു അണിനിരക്കണം .

മനുഷ്യജാലിക റാലി നടക്കുമ്പോൾ ഗതാഗത തടസ്സം പരിപൂർണ്ണമായി ഒഴിവാക്കുന്നതിന് താഴെ പറയുന്ന നടപടികൾ കർശനമായി പാലിക്കണം.

1. സാധ്യമാകുന്നിടങ്ങളിൽ നേരത്തെത്തന്നെ പോലീസുമായി നേരിട്ട് ചർച്ച നടത്തി വൺ വേ സിസ്റ്റത്തിന് ഏർപ്പാട് ചെയ്യുക.

2.റാലി നടക്കുന്ന വഴിയിൽ ഒരാഴ്ച്ച മുമ്പ് റാലിയെ സംബന്ധിച്ചും ഗതാഗത തടസ്സം ഒഴിവാക്കുന്നതിന് വാഹനങ്ങൾ സഹകരിക്കണമെന്നും സൂചനയുള്ള ബോർഡുകൾ സ്ഥാപിക്കുക.

3.റാലി ആരംഭിക്കുന്ന സ്ഥലത്ത് ഗ്രൗണ്ടിൽ വെച്ച് റാലി ക്രമീകരിക്കുക.റോഡിൽ വെച്ചാവരുത്.

4.ഒരു കിലോ മീറ്റർ പരിധിയിൽ നിന്നായിരിക്കണം റാലി തുടങ്ങേണ്ടത്.അതിൽ കൂടരുത്.

5.റാലിയിൽ റോഡ് ക്രോസ്സിംഗ് ഒഴിവാക്കുന്നതിന് റാലി തുടങ്ങുന്ന സ്ഥലവും സമാപന സ്ഥലവും ഒരേ സൈഡിലായിരിക്കണം.

6.മറു വശത്തിലൂടെ വാഹന ഗതാഗതം സുഗമമാകുന്ന വിധം റാലി രണ്ട് വരിയായി ഒരു വശം ചേർന്ന് നടത്തുക. വഴിയാത്രക്കാർക്ക് റാലി മുറിച്ച് കടക്കാൻ ഇടക്കിടെ സൗകര്യം അനുവദിക്കേണ്ടതാണ് . എന്നാൽ വാഹനങ്ങൾ റാലി മുറിച്ച് കടക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കണം.

7.റാലി കടന്നു പോകുന്ന വഴി ഒരു മണിക്കൂർ മുമ്പ് തന്നെ തെരഞ്ഞെടുക്കപ്പെട്ട വിഖായ വളണ്ടിയർമാർ ഏറ്റെടുക്കണം.റോഡരികിൽ പാർക്ക് ചെയ്തിട്ടുള്ള വാഹനങ്ങൾ മാറ്റി നിറുത്തുന്നതിനും മറ്റു തടസ്സങ്ങൾ നീക്കുന്നതിനും അവർ നയപരമായി ഇടപെടുക.

മനുഷ്യജാലിക ശ്രദ്ധേയമായും ഭംഗിയായും നടത്തുന്നതിന് ജില്ലാകമ്മറ്റികൾ ഉണർന്ന് പ്രവർത്തിക്കണമെന്ന് ഓർമപ്പെടുത്തുന്നു.

വിശ്വസ്തതയോടെ,


പാണക്കാട് സയ്യിദ് ഹമീദലി ശിഹാബ് തങ്ങൾ
(പ്രസിഡന്റ്)

സത്താർ പന്തല്ലൂർ
(ജനറൽ സെക്രട്ടറി)

ആശിഖ് കുഴിപ്പുറം
(കൺവീനർ)
9847886618